പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1788 — 01.11.2019-ൽ മറുപടിയ്ക്ക്

## മൂവാറ്റുപുഴ ആയവന ടി. എച്ച്. എസ്.

*ചോദ്യം*
ശ്രീ.എൽദോ എബ്രഹാം

*ഉത്തരം*
ഡോ.കെ.ടി. ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | മൂവാറ്റുപുഴ ആയവന ടി. എച്ച്. എസ്. -ന്റെ നിലവിലെ സ്ഥിതി എന്താണെന്നും സ്കൂളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ടെന്നും അറിയിക്കാമോ; | (എ) | മൂവാറ്റുപുഴ ആയവന ടെക്നിക്കൽ ഹൈസ്കൂൾ കാരിമറ്റം ഗവ. എൽ.പി. സ്കൂളിന്റെ ഒരു ഭാഗത്ത് വാടകയ്ക്കാണ് പ്രവർത്തിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത പ്രസ്തുത ടെക്നിക്കൽ സ്കൂളിന്റെ വർക്ക്ഷോപ്പ് രണ്ട് കിലോമീറ്റർ മാറി ഏനാനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് കെട്ടിടത്തിന്റെ ഒന്നാം നിലയിലാണ് പ്രവർത്തിക്കുന്നത്. ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് സ്കൂൾ ആഡിറ്റോറിയത്തിന്റെ ഒരു ഭാഗത്തും പ്രവർത്തിക്കുന്നു (എന്നിരുന്നാലും 2019 മാർച്ചിൽ നടന്ന ടി.എച്ച്.എൽ.സി പരീക്ഷയിൽ 100% വിജയം കൈവരിക്കാൻ ടി സ്ഥാപനത്തിന് കഴിഞ്ഞു). 2019-20 അദ്ധ്യയന വർഷം 8,9,10 ക്ലാസ്സുകളിലായി ആകെ 62 കുട്ടികളാണ് ആയവന ടെക്നിക്കൽ ഹൈസ്കൂളിൽ പഠിക്കുന്നത്. |
| (ബി) | പ്രസ്തുത സ്കൂളിന്റെ പ്രവർത്തനത്തിന് മതിയായ സൗകര്യങ്ങളില്ലെന്ന വിവരം | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | സ്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കാമോ? | (സി) | സ്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലമേറ്റെടുക്കേണ്ടതുണ്ട്. 26/03/2009 ലെ സ.ഉ.(സാധാ) നം. 437/2009/ഉ.വി.വ. പ്രകാരം തീരുമാനിച്ച സ്ഥലത്തിന്റെ ഏറ്റെടുക്കൽ നടപടി പൂർത്തിയാകാത്തതിനാൽ പദ്ധതി ഡിനോവ ആയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ